# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 622

05.06.2018 ൽ മറുപടിക്ക്

### വ്യവസായ സംരംഭങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. മുരളീധരൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി. പി. സജീന്ദ്രൻ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | രാജ്യത്തെ ആദ്യ പത്ത് നിക്ഷേപക സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ മാറ്റുക എന്ന വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | കേരളത്തെ കൂടുതൽ നിക്ഷേപ സൗഹൃദസംസ്ഥാനമായി മാറ്റുന്നതിനായി 2018 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് കേരള നിയമസഭ പാസ്സാക്കുകയുണ്ടായി. അതനുസരിച്ച് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ലൈസൻസുകളും ക്ലിയറൻസുകളും നൽകേണ്ട വകുപ്പുകളുമായി ബന്ധപ്പെട്ട ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തുകയുണ്ടായി. ലൈസൻസുകളും , ക്ലിയറൻസുകളും സമയബന്ധിതമായി വ്യവസായ സംരംഭകർക്ക് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പുവരുത്താനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഇൻഡസ്ട്രീസ് പ്രൊമോഷൻ ഫെസിലിറ്റേഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും അനുമതികൾ ലഭിക്കുന്നതിനും ഏകീകൃത അപേക്ഷാ ഫാറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ഓൺ ലൈൻ സംവിധാനം നിലവിൽ വരുന്നതാണ്. |
| (ബി) | പരിസ്ഥിതി സൗഹൃദവും മലിനീകരണം പരമാവധി കുറഞ്ഞതുമായ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട അഞ്ചുലക്ഷം രൂപ വരെ സ്ഥിര മൂലധന നിക്ഷേപമുള്ളതും അഞ്ച് എച്ച് പി വരെ വൈദ്യുതി ആവശ്യമുള്ളതും |

| | | | |
|---|---|---|---|
| | | | വീടിനുള്ളിലോ വീടിനോട് ചേർന്നോ കുടുബാംഗങ്ങളെക്കൂടി ഉൾപ്പെടുത്തി തുടങ്ങാൻ കഴിയുന്നതരത്തിലുള്ള ഉൽപ്പാദക സംരംഭങ്ങളും ജോബ് വർക്ക് വിഭാഗത്തിൽപ്പെട്ട സംരംഭങ്ങളും ഉൾപ്പെടുന്ന നാനോ സംരംഭങ്ങൾക്ക് നാനോ / ഗാർഹിക സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതിപ്രകാരം സബ്സിഡി നൽകുന്നു. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയുടെ 6 % മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ / പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8 % വരെ നൽകുന്നു. മൂന്നുവർഷം വരെ ഇതേ രീതിയിൽ പലിശയിളവ് അനുവദിക്കുന്നു. |
| (സി) | പരമ്പരാഗത തൊഴിലാളികൾക്കായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് അസിസ്റ്റൻസ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ്സ് ആർടിസാൻസ് (ASHA) പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട്. കരകൗശല മേഖലയിലെ സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് ഗ്രാന്റ് നൽകുന്ന പദ്ധതി നിലവിലുണ്ട്. 2016 ൽ ആരംഭിച്ച അസിസ്റ്റൻസ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ്സ് ആർടിസാൻസ് (ASHA) എന്ന ഈ പദ്ധതി പ്രകാരം കരകൗശലമേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് കെട്ടിടം, പണിശാല, യന്ത്രസാമഗ്രികൾ , ഉപകരണങ്ങൾ, പണിശാലയിലെ വൈദ്യുതീകരണം തുടങ്ങി സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 40 % തുക പരമാവധി രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്നു. പട്ടികജാതി / പട്ടികവർഗ്ഗം , വനിതാ യുവജന സംരംഭങ്ങൾക്ക് സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 50 % തുക പരമാവധി മൂന്നു ലക്ഷം രൂപയാണ് ധനസഹായം നൽകുന്നു.<br>2016 -17 സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം 20,22,084/-രൂപയും 2017-18 ൽ 26.38 ലക്ഷം രൂപയും 2018-19 ൽ 35 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | സ്കൂൾ കുട്ടികൾക്കായി കൈത്തറി യൂണിഫോം നടപ്പിലാക്കിയത് മൂലം പരമ്പരാഗത കൈത്തറി മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ | (ഡി) & (ഇ) | പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാർ സ്കൂളിൽ |

| | | | |
|---|---|---|---|
| | എന്തൊക്കെയാണ്; | | പഠിക്കുന്ന കുട്ടികൾക്ക് കൈത്തറിയിൽ നെയ്തെടുത്ത തുണി സൗജന്യ സ്കൂൾ യൂണിഫോമായി നൽകുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ കൈത്തറി മേഖലയ്ക്ക് ഒരു പുത്തനുണർവ് സമ്മാനിച്ചു. കൂടുതൽ നെയ്ത്തുകാരേയും, ഈ മേഖലയിൽ നിന്നും കൊഴിഞ്ഞുപോയവരേയും തിരികെ കൊണ്ടുവരുവാൻ ഈ പദ്ധതി മൂലം സാധിച്ചു. പദ്ധതി തുടങ്ങുമ്പോൾ ഏകദേശം 200 നെയ്ത്തുകാരാണ് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ ഏകദേശം 3800 ൽപരം നെയ്ത്തുതൊഴിലാളികളും അതിന്റെ ഇരട്ടിയോളം അനുബന്ധ തൊഴിലാളികളും ഇതിന്റെ ഭാഗമായിട്ടുണ്ട്. കൂടാതെ, യുവാക്കളായ പുതിയ നെയ്ത്തുകാർക്കും, ജയിലുകളിൽ തടവിൽ കഴിയുന്നവർക്കും നെയ്ത്തുപരിശീലനം നൽകി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിച്ചു. ഇതിന്റെ നടപടികൾക്കായി ഹാൻവീവിനെ ചുമതലപ്പെടുത്തി. പൂട്ടിക്കിടക്കുന്ന സംഘങ്ങളിലെ തറികൾക്ക് അറ്റകുറ്റ പണികൾ നടത്തി ഈ പദ്ധതിയുടെ ഭാഗമാക്കുന്നുണ്ട്. ഈ പദ്ധതിയിൽ ഭാഗമായിരിക്കുന്നവർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും . വേതനവും ലഭിക്കുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചിത ടാർജറ്റിൽ കൂടുതൽ നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് എന്ന രീതിയിൽ ഒരാഴ്ച ആയിരം രൂപയും ഒരു മാസം പരമാവധി നാലായിരം രൂപയും അധികം ലഭിക്കുന്നുണ്ട്.<br>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജി (കണ്ണൂർ) യുടെ സഹകരണത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. |
| **(ഇ)** | ഈ മേഖലയിൽ വിദഗ്ധ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്? | | |

Bindu.T

**സെക്ഷൻ ഓഫീസർ**